# *മാറ്റങ്ങൾ (കഥ)*

ശൈശവത്തിൽ നിന്നു ബാല്യത്തിലേക്കും യവ്വനത്തിൽ നിന്നും വാർധക്യത്തിലേക്കും അവിവാഹിതനിൽ നിന്നും വിവാഹിതനിലേക്കും കാലം നമ്മളെ കൂട്ടിക്കൊണ്ടു പോകുമ്പോൾ മാറ്റത്തിനനുസൃതമായി മാറാൻ മടിക്കുന്ന ചില മനസുകൾ നമ്മുടെ സമൂഹത്തിലുണ്ട്.

അവധി കഴിഞ്ഞു ഗൾഫിലേക്ക് തിരിച്ചു പോകുവാൻ വളരെ കുറച്ചു സമയം മാത്രമേയുള്ളൂ. ഇനിയും ഒരു വിവാഹാലോചന പോലും ശരിയായിട്ടില്ല. ഇനി രണ്ട് വർഷം കഴിഞ്ഞേ തിരിച്ചു വരവുള്ളു എന്ന് മഹേഷ്  ചിന്തിച്ചു നിക്കവേ അമ്മ ചായയുമായി വന്നു.

മതിലിനപ്പുറത്തുള്ള അരുണിന്റെ വീട്ടിലേക്കുനോക്കി  അമ്മ പതിവുപല്ലവി ആരംഭിച്ചു.നിന്നെക്കാൾ ഇളയതല്ലേ അരുൺ അവന്റെ വിവാഹവും കഴിഞ്ഞു ഒരു  കുട്ടിയുമായി. പഠിക്കേണ്ട സമയത്തു നീ പഠിച്ചിരുന്നെങ്കിൽ ഒരു സർക്കാർ ജോലി കിട്ടിയേനെ ! അമ്മമാർ എപ്പോഴും അങ്ങനെയാണ് സ്വന്തം മക്കളുടെ വളർച്ചയിൽ അവർ ഒരിക്കലും തൃപ്തരാകില്ല. പക്ഷെ  അങ്ങനെചില താരതതമ്യങ്ങളിൽ മുറിവേൽക്കുന്ന ഹൃദയത്തെപറ്റി ആരും ഓർക്കാറില്ല . അമ്മയോടു മുഖം വീർപ്പിച്ചു നിൽക്കുമ്പോൾ അരുണിനോടുള്ള ദേഷ്യം  മഹേഷിന്റെ മനസ്സിൽ പതഞ്ഞു പൊങ്ങി .

വൈകുന്നേരം  അവിചാരിതമായി അരുൺ ബാറിലേക്കു കയറിപോകുന്നത് കണ്ടാണു ഒരു ഗൂഢസന്തോഷത്തോടെ മഹേഷ്  പിന്നാലെ കൂടിയത് . ഒരു ബിയർ ഓർഡർ ചെയ്തു അരുണിന്റെ കൂടെയിരുന്നപ്പോൾ ‘എന്നാണു തിരികെ പോകുന്നത്’ എന്നും  ‘വിവാഹം ഒന്നുമായില്ലേ ‘എന്ന ചോദ്യവും മഹേഷിനെ അലോസരപ്പെടുത്തിയെങ്കിലും പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു ‘എന്താടാ ഞാൻ സമാധാനമായിട്ടിരിക്കുന്നത്  കണ്ടിട്ടു സഹിക്കുന്നില്ലേ?’

വിവാഹം കഴിഞ്ഞാൽ എന്തൊക്കെ ഉത്തരവാദിത്തങ്ങളാണ്......ഇതുപോലെ കൂട്ടുകാരോടൊപ്പം ഇങ്ങനെ പാർട്ടികൂടാൻ പറ്റുമോ? രാത്രി വൈകി വീട്ടിൽ എത്താൻ കഴിയുമോ? ഭാര്യയാണ് തന്റെ ലോകം എന്ന് എപ്പോഴും  അവൾക്കു തോന്നണം. അമ്മായിയമ്മപോരോ നാത്തൂൻ പോരോ ഉണ്ടായാൽ  നമ്മൾ ആരുടെ ഭാഗത്തുനിൽക്കും? ഭാര്യവീട്ടുകാരെ  അവസരത്തിനൊത്തു ഒരു മകനെ പോലെ നമ്മൾ  നോക്കണം. കുട്ടികളൊക്കെയായാൽ പിന്നെ ഉത്തരവാദിത്വവും ചിലവും കൂടും.എന്തിനാ ഇപ്പോഴേ  പുലിവാലു പിടിക്കണേ.....?ഒരു രണ്ടുവർഷം കൂടികഴിഞ്ഞിട്ടു  വിവാഹം മതിന്നു വച്ചു. മഹേഷ്  പറഞ്ഞു നിർത്തിടത്തുന്നു മദ്യലഹരിയിൽ  അരുൺ പറഞ്ഞു തുടങ്ങി ....അവന്റെ ജീവിതത്തിലെ പുറത്തുപറയാത്ത വിഷമങ്ങൾ, ഉയർച്ച താഴ്ച്ചകൾ ....ഒടുവിൽ അവന്റെ നാവ് കുഴഞ്ഞു ,കണ്ണുകൾ നിറഞ്ഞു .....പക്ഷെ

മഹേഷിന്റെ കണ്ണുകൾ വികസിച്ചു മനം കുളിർത്തു. ചിലരങ്ങിനെയാണ് മറ്റുള്ളവരുടെ വിഷമങ്ങളിൽ രഹസ്യമായി സന്തോഷിക്കുന്ന മനസ്സുള്ളവർ .

ഇനി എന്റെ അമ്മ അരുണിനെ പുകഴ്ത്തിപ്പറയട്ടെ അപ്പോ കാണാം ... മഹേഷ് മനസ്സിൽ പലതും കണക്കുക്കൂട്ടി. അപ്പോഴാണ് വീട്ടിൽ നിന്നും ഒരു ഫോൺ കാൾ വന്നത്. മഹേഷിന്റെ മുഖത്തു സന്തോഷതിന്റെ പൂത്തിരി മിന്നിച്ചിചിതറി .

അരുണേ... എന്റെ വിവാഹം നിശ്ചയിച്ചു . ഒക്കെ അമ്മേടെ നിർബന്ധമാ ..ആ വാക്കുകളിൽ തന്റെ ചളിപ്പ് ഒളിപ്പിക്കാൻ ശ്രമിച്ചു .ഇനി രണ്ടാഴ്ച്ചമാത്രമെ സമയമുള്ളൂ .ഞാൻ ഇറങ്ങട്ടെ ,ഒത്തിരി കാര്യങ്ങൾ ചെയ്യാനുണ്ട്.ഇനി 'നിത'യുടെ വിസയുടെ കാര്യങ്ങളും നോക്കണം! മഹേഷിന്റെ മുഖത്തു മിന്നിമറയുന്ന ഭാവങ്ങൾ നോക്കിയിരിക്കവെ അരുണിന്റെ ലഹരി പാതിയുമിറങ്ങിയിരുന്നു .പിന്നെ എനിക്ക് സ്ത്രിധനമായി 75 പവനും കാറും പിന്നെ വീടും സ്ഥലവും കിട്ടും .അരുണിന്റെ കണ്ണുതള്ളി ഒരു സർക്കാർ ജോലിക്കാരനായ തനിക്കുപോലും കിട്ടാത്ത സ്വത്ത്!!!

മഹേഷിനു ആദ്യമായി സമാധാനം തോന്നി ജീവിത്തിൽ ഒരു കാര്യത്തിലെങ്കിലും അരുണിനെക്കാൾ മുന്നിലെത്തിയതിൽ . അപ്പോൾ ലഹരിയിറങ്ങിയ അരുണിന്റെ മനസ്സിൽ മനുഷ്യന്റെ പൊതുവികാരമായ അസൂയ വന്നു നിറഞ്ഞു - മഹേഷ് ബാറിൽ കയറിയത് ആരെങ്കിലും ഒന്നു കണ്ടിരുന്നെങ്കിൽ..... ദൈവമേ .. ഇനി ഈ വിവാഹം നടക്കുമായിരിക്കുമായിരിക്കുമോ?അരുണിന്റെ മനസ്സിലെവിടെയോ ഒരു തിരയിളക്കം .ചിലർ അങ്ങനെയാണ് മറ്റുള്ളവരുടെ ഉയർച്ചയിൽ സമാധാനം നഷ്ടപെടുത്തുന്നവർ .

കാറ്റ് കഥ പറയുന്ന സായന്തനത്തിലും ,നിദ്ര വിടപറയുന്ന നിലാരാത്രിയിലും വ്യതസ്തയിൽ നിന്നും ഉത്ഭവിച്ചു കൈവഴികൾ ചേരുന്ന നദിപോലെ രണ്ടുപേരുടെ നിറമുള്ള സ്വപ്നങ്ങൾ ഒന്നായി മാറുന്ന വിവാഹ വേദിയായിരുന്നു മഹേഷിന്റെ മനസ്സുനിറയെ .....

ഈ ദിവസത്തിലെ തിരുമാനം തന്റെ ജീവിതത്തിലെ തന്നെ വഴിത്തിരിവാകാൻ പോവുകയാണ്.കഴിഞ്ഞയാഴ്ച്ചയാണ് നിതയെ പെണ്ണുകാണാൻ പോയത്. ആദ്യമായിട്ടാണ് ജാതകവും പണവും സൗന്ദര്യവും ഒത്തിണങ്ങിയ ഒരു പെൺകുട്ടിയെ കാണുന്നത്. അതിനാൽ സംസാരിക്കാൻ കിട്ടിയ അവസരത്തിൽ അവളെ കൈയ്യിലെടുക്കാൻ വേണ്ടി 'കാണാൻ നല്ല ഭംഗി' ഉണ്ടന്നും 'കണ്ണുകൾ നല്ല ആകർഷണീയമാണെന്നും പറയാൻ മറന്നില്ല'. പുകഴ്ത്തൽ ആർക്കാണ് ഇഷ്ടമല്ലാത്തത് അല്ലേ ! ലക്ഷ്യ മായിരുന്നു മാർഗത്തേക്കാൾ പ്രധാനമായി അപ്പോൾ തോന്നിയത്.എങ്കിലും അവരുടെ മറുപടി വൈകിയപ്പോൾ ഒരു നനഞ്ഞ പടക്കംപോലെ വല്ലാത്ത നിരാശനായിയെങ്കിലും ,ഇപ്പോൾ എല്ലാം ശുഭമായി.

ജാതകച്ചേർച്ച ഇല്ലാത്തതിനാൽ ഇരുപത്തെട്ടു വയസായിട്ടും നിതയുടെ വിവാഹം നീണ്ടുപോവുകയായിരുന്നു.ജാതകചേർച്ചയിൽ എവിടെയോ നഷ്ടപ്പെട്ടുപോകുന്ന മനസിന്റെ ചേർച്ചകൾ . പക്ഷേ തന്നാൽ കൂട്ടിയാൽ കൂടാത്ത

ലക്ഷങ്ങളുടെ ബാധ്യതയാണ് വന്നുചേരാൻ പോകുന്നതെന്നോർത്ത് നിതയുടെ അച്ഛൻ ജയശങ്കർ അസ്വസ്ഥതയോടെ  കിടക്കയിൽ ഇരുന്നു. എല്ലാവരും വിചാരിക്കുന്ന പോലെ തന്റെ മൂത്തമകൾക്ക് കൊടുത്ത അത്രയും സ്ത്രീധനം ബിസ്സിനസ് തകർന്നു നിൽക്കുന്ന ഈ  അവസരത്തിൽ താൻ എങ്ങനെ കൊടുക്കും എന്ന കടുത്ത മാനസിക പിരിമുറുക്കത്തിൽ രാത്രിയുടെ അന്ത്യയാമത്തിലെപ്പ്ഴോ അദ്ദേഹത്തിന്റെ   ഹൃദയമിടിക്കാൻ മടിച്ചു നിന്നു. ആശുപത്രിക്കിടക്കയിൽ ജയശങ്കർ  മഹേഷിന്റെ കൈപിടിച്ച് പൊട്ടിക്കരഞ്ഞു. ആ അച്ഛന്റെ കണ്ണിരിൽ കുതിർന്ന വാക്കുകൾ  കേൾക്കുമ്പോഴും  മഹേഷിന്റെ മനസ്സിൽ  കൈയിൽ വന്നു ചേരുമെന്ന് കരുതിയ പലതും നഷ്ടമാകുമല്ലോ  എന്ന നിരാശയും ഭയവുമായിരുന്നു .

ജീവിതാവസാനം വരെ തന്നോടൊപ്പം ചേർന്നുനിൽക്കുന്ന “സ്ത്രീ” തന്നെയാണ് ഏറ്റവും വലിയ  ധനമെന്നു  മനസ്സിലാക്കാതെ മഹേഷും  മനസില്ലാമനസോടെ വീട്ടുകാരും നിതയുമായുള്ള വിവാഹം  അടുത്ത ദിവസം തന്നെ ഒഴിഞ്ഞു.

അംഗവൈകല്യമില്ലാത്ത ശരീരവും  ചിന്തിക്കാനുള്ള  ബുദ്ധിശക്തിയും കൈമുതലായുള്ളപ്പോൾ ആരുടെ മുന്നിലും  തന്റെ അഭിമാനം മറന്നു തലകുനിക്കാൻ പാടില്ല എന്ന് നിത തീരുമാനിച്ച ദിവസവും അതായിരുന്നു.

അല്പം വൈകിയാണെങ്കിലും നല്ലൊരു തുക സ്ത്രിധനം വാങ്ങി പ്രതീഷിച്ചതിലുമധികം  വളരെ ആർഭാടമായി മഹേഷിന്റെ വിവാഹം പ്രിയങ്ക എന്ന മറ്റൊരു  കുട്ടിയുമായി   നടന്നു.

പക്ഷെ  അതോടൊപ്പം സ്വന്തം സ്വാതന്ത്ര്യവും അഭിമാനവും  ആ  ദാമ്പത്യത്തിൽ പണയപ്പെട്ടുപോകുമെന്ന് അയാൾ വിചാരിച്ചില്ല  . ദിവസങ്ങൾ കഴിയവെ ആ ബന്ധം അയാളെ വല്ലാതെ ശ്വാസംമുട്ടിക്കുന്ന ഒരു  ബന്ധനമായി മാറിക്കൊണ്ടിരുന്നു.

സ്വസ്ഥതയും  സമാധാനവുമില്ലാതെ പണംകൊണ്ട്  മാത്രം കെട്ടിപൊക്കിയ താത്കാലിക വസതിപോലയുള്ള ആ ജീവിതം  പിന്നിട്  എപ്പോഴോ അയാളെ മടുപ്പിച്ചു . ഹൃദയത്തിന്റെ മർരങ്ങളെ തലച്ചോറിന്റെ  സ്വാർത്ഥ തീരുമാനം കീഴടക്കിയ ദിവസത്തെ മനസാൽ ശപിച്ചു .
ഒടുവിൽ തന്റെ പെൺമക്കളുടെ ഭാവിയോർത്ത് ഒരു അടിമയെ പോലെ കുടുംബത്തിൽ ഒതുങ്ങി കൂടി നില്ക്കാൻ അയാളുടെ മനസ്സിനെ പ്രാപ്തമാക്കി.. മരണത്തിന്റെ  അർത്ഥവ്യാപ്തി തിരയാനല്ലെങ്കിലും എപ്പോഴോ അയാൾ മരണത്തെ പോലും  സ്നേഹിച്ചു തുടങ്ങിയിരുന്നു.

തന്റെ മകൾക്ക്  വിവാഹപ്രായമായപ്പോൾ വീട്ടുകാരുടെയും നാട്ടുകാരുടെയും മുന്നിൽ  ഒരു സ്ത്രീയെ സംരക്ഷിക്കുവാൻ കഴിവുള്ള പുരുഷനെന്നനിലയിൽ അഭിമാനത്തോടെ  തലയുയർത്തി നിൽക്കുന്ന ഒരാളെ തന്റെ മകൾക്ക് ലഭിക്കുവനായി അയാൾ ഗുരുവായൂരിൽ   ഭജനയിക്കാനായി പുറപ്പെട്ടു ......................

**മനുഷ്യരിൽ വിശ്വാസം നഷ്ടപ്പെടുമ്പോഴാണത്ര പലരും വിഗ്രഹങ്ങളിൽ ആശ്രയം തേടുന്നത്.........**

**മാറ്റം കാലത്തിന്റെ അനിവര്യതയാണ് . മറ്റുള്ളവരെ നമ്മൾ കുറ്റപ്പെടുത്തുമ്പോൾ , മാറേണ്ടതും മാറേണ്ടതല്ലാത്തതുമായ ചിന്തകൾ നമ്മളിലുമില്ലേ ......അപ്പോൾ മാറ്റങ്ങൾ വേണ്ടത് നമ്മൾ ഓരോരുത്തർക്കുമല്ലേ.....**